# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3522** **12.05.2017-ൽ മറുപടിയ്ക്ക്**

**പുത്തൂർ മത്സ്യ മാർക്കറ്റിന്റെ നവീകരണം**

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനുള്ള പദ്ധതികൾ എന്തെല്ലാമാണ്; | എ) കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ആധുനിക മാർക്കറ്റ് നിർമ്മാണ പദ്ധതി നിലവിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നു. |
| ബി) കൊല്ലം ജില്ലയിലെ പുത്തൂർ മത്സ്യ മാർക്കറ്റിന്റെ നവീകരണത്തിന് അനുമതി ലഭ്യമാക്കിയോ; വിശദാംശങ്ങൾ നൽകുമോ? | ബി) കൊല്ലം ജില്ലയിലെ പുത്തൂരിൽ ആധുനിക രീതിയിലുള്ള ശുചിത്വപൂർണ്ണമായ മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിലേക്കായി 208.00 ലക്ഷം രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തയ്യാറാക്കിയിട്ടു ണ്ട്. 35 ചില്ലറ വിൽപ്പന സ്റ്റാളുകൾ, 7 ഉണക്ക മത്സ്യ വിൽപ്പന മുറി, അധികം വരുന്ന മത്സ്യം കേടു കൂടാതെ സൂക്ഷിക്കുന്നതിനായി ചിൽഡ് റൂം, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റ്, മലിന ജല സംസ്കരണ പ്ലാന്റ്, വിശ്രമ മുറി, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മത്സ്യം മുറിക്കുന്നതിനായി സ്ലാബ്, മലിനജലം ഒഴുകി പോകുന്നതിനായി ഡ്രെയിൻ എന്നിവ അടങ്ങിയ 607.40 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരു ഇരുനില മാർക്കറ്റ് കെട്ടിടമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ആഫീസർ**